പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1712 **16-10-2026-ൽ മറുപടിയ്ക്ക്**

തിരുവല്ലം–ആക്കുളം ബോട്ട് സർവീസ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. മുരളീധരൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

(എ) ദിനംപ്രതി വർധിച്ചുവരുന്ന മോട്ടോർ വാഹന തിരക്ക് ഒഴിവാക്കുന്നതിനും കായൽ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുമായി തീർത്ഥാടന കേന്ദ്രമായ തിരുവല്ലം മുതൽ ടൂറിസം മേഖലയായ ആക്കുളം വരെ ബോട്ട് സർവീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

മറുപടി: തിരുവല്ലം മുതൽ ടൂറിസം മേഖലയായ ആക്കുളം വരെ ബോട്ട് സർവീസ് നടത്തുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

(ബി) ബോട്ട് സർവീസ് ആരംഭിക്കുന്നതിന് മുന്നോടിയായി ബോട്ട് ജെട്ടികളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനായി പദ്ധതി തയ്യാറാക്കുമോ എന്ന് വ്യക്തമാക്കുമോ?

മറുപടി: പാർവ്വതി പുത്തനാറിന്റെ കോവളം മുതൽ ആക്കുളം കായൽ വരെയുള്ള കനാൽ ഭാഗങ്ങൾ നിലവിൽ മാലിന്യങ്ങൾ അടിഞ്ഞു കൂടി കനാലിന്റെ ആഴം തീരെ കുറഞ്ഞു പോകുകയും ചില ഭാഗങ്ങളിൽ നീരൊഴുക്ക് നിലച്ചു പോകുകയും ചെയ്തിട്ടുണ്ട്. 16 കി മി നീളം വരുന്ന പ്രസ്തുത കനാലിന്റെ വീതിയും ആഴവും വർദ്ധിപ്പിക്കുന്നതിനും സംരക്ഷണ ഭിത്തികൾ, പാലങ്ങൾ, നടപ്പാലങ്ങൾ ബോട്ട് ജെട്ടികൾ എന്നിവ നിർമ്മിച്ച് കനാൽ ജലഗതാഗതത്തിന് പര്യാപ്തമാക്കുന്നതിനുമുള്ള പദ്ധതി രൂപരേഖ (DPR) തയ്യാറാക്കി കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. കോവളം, തിരുവല്ലം, വള്ളക്കടവ്, ചാക്ക എന്നീ ഭാഗങ്ങളിൽ പുതിയ ബോട്ടുജെട്ടികൾ DPR ൽ ഉൾപ്പെട്ടിട്ടുണ്ട് കൂടാതെ പാർവ്വതി പുത്തനാറിന്റെ തീരത്തുള്ള വിവിധ ബോട്ട് ജെട്ടികളുടെ നിർമ്മാണത്തിനായി 2026-27 ബഡ്ജറ്റ് അനുബന്ധം 2 ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ എന്ന വിഭാഗത്തിൽ 2 കോടി രൂപ അടങ്കലിൽ 40,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിലേക്കുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ